പുനഃക്രമീകരണത്തിനുവേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഈ റിപ്പോർട്ട് പ്രകാരമുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതി പ്രകാരമുള്ള ധനസഹായത്തിന്റെ വിനിയോഗം

9 (2010) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിച്ചതും ലഭിക്കാനിടയുള്ളതുമായ ധനസഹായം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ തുക ചെലവഴിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും, ഏത് ഏജൻസിവഴിയാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദമാക്കുമോ ;

(സി) ഈ തുക ഉപയോഗിച്ച് എയിഡഡ് മേഖലയിൽ എന്തൊക്കെ പരിഷ്ക്കരണ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) അവികസിതമായ മലബാർ മേഖലയ്ക്കും പിന്നോക്കം നിൽക്കുന്ന ജില്ലകൾക്കും പദ്ധതിയിൽ മുൻഗണന നൽകുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷത്തിൽ 47.78 കോടി രൂപയ്ക്കുള്ള അംഗീകാരമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്. ഇതിൽ 18.22 കോടി രൂപ കേന്ദ്ര വിഹിതമായും 6.07

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ 200 കോടി രൂപയ്ക്കുള്ള അംഗീകാരമാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചത്.

(ബി) 2009-10 വർഷത്തിൽ 60 സർക്കാർ യു.പി.സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്താൻ സ്കൂൾ ഒന്നിന് 58.12 ലക്ഷം രൂപ പ്രകാരം ആകെ 34.87 കോടി രൂപയും, വാർഷിക ഗ്രാന്റായി 1019 സർക്കാർ ഹൈസ്കൂളുകൾക്ക് സ്കൂൾ ഒന്നിന് 65,000 രൂപവീതം ആകെ 6.62 കോടി രൂപയും, സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ അഞ്ച് ദിവസത്തെ അദ്ധ്യാപകപരിശീലനത്തിനായി ഒരു അദ്ധ്യാപകന് 1000 രൂപാ നിരക്കിൽ 5.45 കോടി രൂപയുമാണ് ആർ.എം.എസ്.എ. പദ്ധതി പ്രകാരം അനുവദിച്ചത്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 24.29 കോടി രൂപയിൽ 6.62 കോടി രൂപ വാർഷിക ഗ്രാന്റായി എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും നൽകിയിട്ടുണ്ട്. ഈ തുക സംസ്ഥാനത്ത് ആർ.എം.എസ്.എ.യ്ക്കായി രൂപീകരിച്ച സെക്കന്ററി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി ഓഫ് കേരളയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും എല്ലാ സർക്കാർ ഹൈസ്കൂളുകളിലും ആരംഭിച്ചിട്ടുള്ള സ്കൂൾ മാനേജ്മെന്റ് ഡെവലപ്മെന്റ് കമ്മിറ്റിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഇന്റർനെറ്റ് ട്രാൻസ്ഫർവഴി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

(സി) എയ്ഡഡ് മേഖലയിൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഫണ്ട് അദ്ധ്യാപക പരിശീലനത്തിനു മാത്രമേ നൽകുകയുള്ളു.

(ഡി) 2009-10 വർഷത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ്, വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലെ 60 സർക്കാർ യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കാൻ അനുവാദം ലഭിച്ചിരുന്നു. 2011-12 വർഷത്തെ വാർഷിക പ്ലാനിൽ അവികസിതമായ മലബാർ മേഖലയ്ക്കും പിന്നാക്കം നിൽക്കുന്ന ജില്ലകൾക്കും കൂടുതൽ ശ്രദ്ധ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂളായി ഉയർത്താൻ ശുപാർശ ചെയ്യപ്പെട്ട സ്കൂളുകൾ

10 (2011) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ ആർ.എം.എസ്.എ. പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം സർക്കാർ യു.പി. സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം യു.പി. സ്കൂളുകളാണ് പ്രസ്തുത പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്താൻ വിദ്യാഭ്യാസ ഗുണമേന്മാ സമിതി ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly